സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ കാലാവധി നീട്ടുന്നത് സംബന്ധിച്ച്

54 [1456] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായ ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) & (ബി) സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിന് നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ടെക്നിക്കൽ സ്ക്കൂളുകൾ അനുവദിക്കാൻ നടപടി

55 [1457] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ടെക്നിക്കൽ സ്ക്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പെരിങ്ങളം മണ്ഡലത്തിൽ ഒരു ടെക്നിക്കൽ സ്ക്കൂൾ അനുവദിക്കുന്നതിന് എം. എൽ. എ. നൽകിയ നിവേദനത്തിൻമേലുള്ള നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം സംബന്ധിച്ച് നിവേദനം കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് ഡയറക്ടറിൽ നിന്നും ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

2/2313/2012/DTP

LIBRARY ARCHIVES Kerala Legislative Assembly